**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3538** **08.11.2019 ൽമറുപടിയ്ക്ക്**

**തലസ്ഥാന നഗരത്തിലെ പൊതുഗതാഗതം**

| ചോദ്യം<br>ശ്രീ.മാണി.സി.കാപ്പൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരത്തിലെ പൊതു ഗതാഗതം പൂർണ്ണമായും ഇലക്ട്രിക് വാഹനമുപയോഗിച്ച് ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതി സൗഹാർദ്ദമാക്കുന്നതിനായി E-vehicle Policy തയ്യാറാക്കി, അതിന്റെ പ്രചരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു എക്സ്പോ കൊച്ചിയിൽ നടത്തിയിരുന്നു.<br>• പ്രധാനപ്പെട്ട നഗരങ്ങളിൽ 2020 ഓടെ 10,000 ഓട്ടോറിക്ഷകൾ നിരത്തിലിറക്കാൻ വേണ്ട നടപടികൾ ആരംഭിച്ചു.<br>• E-vehicle Policy പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താവിന് 30,000/- രൂപ വരെ സഹായധനം അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു.<br>നിലവിൽ പെട്രോൾ/ഡീസൽ ഇന്ധനം ഉപയോഗിക്കുന്ന പതിനഞ്ചു വർഷത്തിലേറെ പഴക്കമുള്ള ആട്ടോറിക്ഷകൾ പ്രകൃതി സൗഹാർദ്ദ ഇന്ധനത്തിലേക്ക് മാറിയാൽ മാത്രമേ 2020 ഏപ്രിൽ മുതൽ പെർമിറ്റ് നൽകുകയുള്ളുവെന്ന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് കെ എസ് ഇ ബി യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>9 മീറ്റർ നീളമുള്ള 10 എ.സി. ഇലക്ട്രിക് ബസ്സുകൾ വാടകയ്ക്ക് ലഭ്യമാക്കി തിരുവനന്തപുരം, എറണാകുളം റൂട്ടിൽ സർവ്വീസിന് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ Fame II സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം മേഖലയ്ക്ക് അനുമതി നൽകിയ 100 ഇലക്ട്രിക് ബസ്സുകൾ wet lease വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**